ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും, തിരുവനന്തപുരം
ചീഫ് എഞ്ചിനീയറുടെ നടപടി ക്രമം
(ഹാജർ- ശ്രീദേവി. പി.)

വിഷയം : ജലസേചനം-ജീവനക്കാര്യം-ഡ്രൈവർ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അനുപാത സ്ഥാനക്കയറ്റം **(Ratio Promotion)** അനുവദിച്ചു ഉത്തരവിറക്കുന്നു .

പരാമർശം: 1) **10.02.2021** തീയതിയിലെ സ.ഉ.(അച്ചടി) **27/2021/ധന** നം. സർക്കാർ ഉത്തരവ്.
2) **17/07/2026** തീയതിയിലെ ഈ കാര്യാലയത്തിലെ **CEIA/1451/26-IC2** നം. ഉത്തരവ്.

ഉത്തരവ് നം. CEIA/3942/2026-B7 തീയതി - 14-11-2026

ഈ വകുപ്പിൽ വിവിധ വിഭാഗം ഡ്രൈവർ തസ്തികകളിൽ ജോലി ചെയ്യുന്ന പരാമർശം **(2)** സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ കൊടുത്തിട്ടുള്ള ജീവനക്കാർക്ക് ഭാഗം **II.** കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസസ് ചട്ടങ്ങളിലെ ചട്ടം ബി **(ii)** ലെ വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം **(1)** സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം അനുപാത സ്ഥാനകയറ്റം **(Ratio Promotion)** നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡ്രൈവർ സീനിയർ ഗ്രേഡ് തസ്തികയിൽ ജോലിചെയ്യുന്ന ചുവടെ കൊടുത്തിട്ടുള്ള പട്ടികയിൽ പരാമർശിച്ചിട്ടുള്ള ജീവനക്കാരനെ **39300-83000** രൂപ ശമ്പള സ്കെയിലിൽ സെലക്ഷൻ ഗ്രേഡ് ഡ്രൈവറായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു.

നം.	ഡ്രൈവർ സീനീയർ ഗ്രേഡ്-സീനിയോറിട്ടി ലിസ്റ്റിലെ ക്രമ നമ്പർ	പേര്	പെൻ നമ്പർ	പ്രൊമോഷൻ ലഭിക്കുന്ന തീയതി
1	**1**	**രമേഷ് കെ**	**574447**	**01/06/2026** (ശ്രീ ജയപ്രകാശ് എം കെ സെലക്ഷൻ ഗ്രേഡ് ഡ്രൈവർ **31/05/2026** ൽ റിട്ടയർ ചെയ്ത ഒഴിവിൽ)

ഡ്രൈവർ ഗ്രേഡ് **1** തസ്തികയിൽ ജോലി ചെയ്യുന്ന ചുവടെ കൊടുത്തിട്ടുള്ള പട്ടികയിൽ പരാമർശിച്ചിട്ടുള്ള ജീവനക്കാരെ **31100 - 66800** രൂപ ശമ്പള സ്കെയിലിൽ സീനിയർ ഗ്രേഡ് ഡ്രൈവർമാരായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു.

ക്രമ നമ്പർ	ഡ്രൈവർ ഗ്രേഡ് 1-സീനിയോറിട്ടി ലിസ്റ്റിലെ ക്രമ നമ്പർ	പേര്	പെൻ നമ്പർ	പ്രൊമോഷൻ ലഭിക്കുന്ന തീയതി
1	2	ചന്ദ്രകുമാർ വി കെ	106474	**01/03/2026** (ശ്രീ കൃഷ്ണൻ കെ - സീനീയർ ഗ്രേഡ് ഡ്രൈവർ 28/02/2026 ൽ റിട്ടയർ ചെയ്ത ഒഴിവിൽ)
2	3	അഭിലാഷ് കെ എം	639796	**01/05/2026** (ശ്രീ മധു ജി - സീനീയർ ഗ്രേഡ് ഡ്രൈവർ 30/04/2026 ൽ റിട്ടയർ ചെയ്ത ഒഴിവിൽ)
3	4	പ്രദീപ് പി ആർ	421746	**01/05/2026** (ശ്രീ സന്തോഷ് ആർ- - സീനീയർ ഗ്രേഡ് ഡ്രൈവർ 30/04/2026 ൽ റിട്ടയർ ചെയ്ത ഒഴിവിൽ)
4	5	ജോഷി എം	689443	**01/06/2026** (ശ്രീ ജോസ്സ് വി.ഒ- സീനീയർ ഗ്രേഡ് ഡ്രൈവർ 31/05/2026ൽ റിട്ടയർ ചെയ്ത ഒഴിവിൽ)
5	6	രവി കെ	659126	**01/06/2026** (ശ്രീ സ്റ്റീഫൻ എൻ- സീനീയർ ഗ്രേഡ് ഡ്രൈവർ 31/05/2026ൽ റിട്ടയർ ചെയ്ത ഒഴിവിൽ)
6	7	സിബിമോൻ ജോസഫ്	718659	**01/06/2026** (ശ്രീ ലോഹിതാക്ഷൻ എം- സീനീയർ ഗ്രേഡ് ഡ്രൈവർ 31/05/2026ൽ റിട്ടയർ ചെയ്ത ഒഴിവിൽ)
7	8	നൗഷാദ് എ	719479	**01/06/2026** (ശ്രീ അജി കുമാർ സി- സീനീയർ ഗ്രേഡ് ഡ്രൈവർ 31/05/2026ൽ റിട്ടയർ ചെയ്ത ഒഴിവിൽ)
8	9	സുജിമോൻ എം എസ്	720570	**01/06/2026** (ശ്രീ പ്രദീപൻ കെ പി - സീനീയർ ഗ്രേഡ് ഡ്രൈവർ 31/05/2026ൽ റിട്ടയർ ചെയ്ത ഒഴിവിൽ)
9	10	ഗോകുൽ ദാസ് കെ	721340	**01/06/2026** ശ്രീ രമേഷ് കെ-സീനീയർ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ നിന്നും സെലക്ഷൻ ഗ്രേഡ് ഡ്രൈവർ ആയി 01/06/2026 ൽ പ്രമോഷൻ ആയ ഒഴിവിൽ)

അനുപാത സ്ഥാനക്കയറ്റം അനുവദിച്ചിട്ടുള്ള ടി ജീവനക്കാരുടെ ശമ്പളം സ്ഥാനക്കയറ്റ തസ്തികകളിൽ ഭാഗം 1, കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകളിൽ നിഷ്കർഷിക്കും പ്രകാരം നിജപ്പെടുത്തേണ്ടതും, ആയതിന്റെ വിവരം ജീവനക്കാരുടെ സേവന പുസ്തകത്തിൽ / സ്പാർക്ക് ഡേറ്റാബേസിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്. സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് സ്ഥാനക്കയറ്റ പ്രാബല്യ തീയതി മുതൽ ശമ്പള കുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

Digitally signed by
SREEDEVI P
Date: 14-11-2026
16:55:01

ചീഫ് എഞ്ചിനീയർ

പകർപ്പ്:- 1. ബന്ധപ്പെട്ട ജീവനക്കാർക്ക് (ഓഫീസ് മേധാവി മുഖേന)
2. ഐ. ടി. സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. കരുതൽ / ഓഫീസ് പകർപ്പ്